# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ

# ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം–690 533, കേരളം

Vol. 13 Issue 03 | NEWSLETTER | July-September 2015

വാല്യം 13 ലക്കം 03 | വാർത്താപത്രിക | ജൂലൈ – സെപ്റ്റംബർ 2015





## അകത്താളുകളിൽ



കാർഷിക സാങ്കേതിക വിദ്യാസംഗമവും പ്രദർശനവും


വാർഷിക പ്രവർത്തനങ്ങൾക്ക് ആര്യാടിൽ തുടക്കമായി


ശാസ്ത്രോപദേശക സമിതിയോഗം


ഉല്പാദക മികവ് ലക്ഷ്യമിട്ട് കർഷക പങ്കാളിത്ത ഗവേഷണ പദ്ധതി


കോഴിവസന്തയ്ക്കെതിരെ വാക്സിനേഷൻ ക്യാമ്പ്


കെ.വി.കെ. – ആത്മാ സംയുക്ത പരിപാടികൾ


**കൂടുതൽ വിവരങ്ങൾക്ക്...**


സീനിയർ സയന്റിസ്റ്റ് & ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം – ആലപ്പുഴ,
സി.പി.സി.ആർ.ഐ. (ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ. – 690533.
ഫോൺ/ ഫാക്സ്: 0479 2449268.
Email: kvkalapuzha@gmail.com


## കാർഷിക സാങ്കേതിക വിദ്യാസംഗമവും പ്രദർശനവും സംഘടിപ്പിച്ചു

കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്, കൃഷി വകുപ്പ്, മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം എന്നിവയുടെ സഹകരണത്തോടെ ദ്വിദിന കാർഷിക സാങ്കേതിക വിദ്യാസംഗമവും പ്രദർശനവും സെപ്തംബർ 17,18 തീയതികളിൽ മങ്കൊമ്പിൽ സംഘടിപ്പിച്ചു.

'കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി'യുടെ ഭാഗമായി കൃഷി വിജ്ഞാനകേന്ദ്രം മുട്ടാർ പഞ്ചായത്തിൽ നടത്തിവരുന്ന കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കുന്ന കാർഷിക സാങ്കേതിക വിദ്യകൾ സമാന കാർഷിക മേഖലകളിൽ വ്യാപിപ്പിക്കലാണ് പരിപാടിയിലൂടെ ലക്ഷ്യമാക്കിയത്.

പരിപാടികൾ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മോൻസി സോണി ഉദ്ഘാടനം ചെയ്തു. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ജോർജ് മാത്യു പഞ്ഞിമരം, കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി.മുരളീധരൻ, റെജിമോൾ പുരുഷോത്തമൻ (മുൻ പഞ്ചായത്ത് പ്രസിഡന്റ്, മുട്ടാർ), ഡോ. കെ.ജെ.ജോസഫ് (മേധാവി, കൃഷി വിജ്ഞാന കേന്ദ്രം, കോട്ടയം), ഡോ. റീനാ മാത്യു (നെല്ലു ഗവേഷണ കേന്ദ്രം, മങ്കൊമ്പ്) എന്നിവർ ഉത്ഘാടനചടങ്ങിൽ കർഷകരെ അഭിസംബോധന ചെയ്തു. തുടർന്ന് കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ 'വിഭവ സംരക്ഷിതവും പ്രകൃതി സൗഹാർദ്ദവും ആദായകരവുമായ നെൽകൃഷി' എന്ന വിഷയത്തിലും, ശ്രീ. എം.എസ് രാജീവ് 'കുട്ടനാടിന് അനുയോജ്യമായ ടിഷ്യുകൾച്ചർ വാഴകൃഷി', 'വെള്ളപ്പൊക്കപ്രദേശങ്ങളിൽ മഴമറയ്ക്കുള്ളിലെ പച്ചക്കറികൃഷി' എന്നീ വിഷയങ്ങളിലും കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ അനുഭവങ്ങൾ അവതരിപ്പിച്ചു. മുട്ടാർ പഞ്ചായത്തിൽ നിന്നുള്ള ശ്രീ. പി.എ. തോമസ്, ശ്രീ.എസ്.ടി. ചാക്കോ, ശ്രീമതി. റെജിമോൾ പുരുഷോത്തമൻ, ശ്രീ. ജോജൻ ജോർജ്ജ്, ശ്രീ. എസ്. സേവ്യർ എന്നീ കർഷകർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സാങ്കേതിക വിദ്യകൾ അനുവർത്തിച്ചതുകൊണ്ട് നെൽകൃഷിയിലുണ്ടായ വിളവിലെ വർദ്ധനവിനെക്കുറിച്ചും സാമ്പത്തിക നേട്ടത്തെക്കുറിച്ചുള്ള വിവരങ്ങൾ കർഷകരോട് പങ്കുവെച്ചു.



രണ്ടാംദിന പരിപാടികൾ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം മേധാവി ഡോ. വി.കൃഷ്ണകുമാറിന്റെ ആമുഖ പ്രഭാഷണത്തോടെ ആരംഭിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി.മുരളീധരൻ നയിച്ച മുഖാമുഖത്തിൽ 'കുട്ടനാട്ടിലെ ആദായകരമായ കോഴി, ആട്, പശു വളർത്തൽ', 'ഗാർഹിക മാലിന്യങ്ങളിൽ നിന്നും ബയോഗ്യാസ്', 'പോളയിൽ നിന്നും കമ്പോസ്റ്റ്', 'ചക്ക, വാഴ എന്നിവയിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ', 'കൂൺ ഉത്പാദനവും അനുബന്ധ ഉത്പന്നങ്ങളും' എന്നീ വിഷയങ്ങളിൽ കൃഷി വിജ്ഞാന കേന്ദ്രം സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുകളായ ഡോ.എസ്.രവി, ഡോ.കെ.സജ്നനാഥ്, ശ്രീമതി. ജിസ്സി ജോർജ്ജ്, ശ്രീമതി. ജി.ലേഖ എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. ഡോ. സുനിൽകുമാർ (ചീഫ് വെറ്ററിനറി ഓഫീസർ, ആലപ്പുഴ), ഡോ. എലിസബത്ത് (അസി. പ്രൊഫ. കെ.വി.കെ കുമരകം), ശ്രീമതി റോസമ്മ വർഗ്ഗീസ് (എൻജിനീയർ MNREGS) എന്നിവർ ഈ വിഷയങ്ങളിൽ വിശദീകരണം നൽകി. ഈ പ്രവർത്തനങ്ങളിൽ അനുഭവം പങ്കുവെയ്ക്കാനായി ശ്രീമതി. മണിയമ്മ തങ്കപ്പൻ, ശ്രീ. സുരേഷ്കുമാർ, ശ്രീ.ജോജൻ ജോർജ്ജ്, ശ്രീമതി. ബീന ജോസഫ്, ശ്രീ.ജോമോൻ സേവ്യർ എന്നീ കർഷകർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സാങ്കേതിക വിദ്യകൾ അനുവർത്തിച്ചതു കൊണ്ടുണ്ടായ മികവിനെക്കുറിച്ച് കർഷകരുമായി പങ്കുവെച്ചു.

തദവസരത്തിൽ പ്രകാശനം ചെയ്ത 'കുട്ടനാട്ടിലേക്ക് ഒരു നെൽകൃഷി കലണ്ടർ', 'നെൽകൃഷിയിൽ രോഗ പ്രതിരോധത്തിന് സ്യൂഡോമോണാസ്', 'നെൽകൃഷിയിൽ കീടനിയന്ത്രണത്തിന് ട്രൈക്കോ കാർഡ്', 'വാഴയിൽ നിന്നും



മൂല്യവർദ്ധിത ഉത്പന്നങ്ങൾ', 'പോളയിൽനിന്നും ജൈവവളം', 'ഗാർഹിക മാലിന്യ സംസ്കരണത്തിലൂടെ ബയോഗ്യാസ്', 'കോഴിവളർത്തലിൽ കാലാവസ്ഥാനുസൃത സാങ്കേതിക വിദ്യകൾ' എന്നീ ലഘുലേഖകൾ പങ്കെടുത്ത കർഷകർക്ക് വിതരണം ചെയ്തു.

ചമ്പക്കുളം, വെളിയനാട് ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നായി ഇരുന്നൂറ്റി അമ്പതോളം തെരഞ്ഞെടുക്കപ്പെട്ട കർഷകർ പങ്കെടുത്ത സാങ്കേതിക വിദ്യാ പ്രദർശനത്തിൽ വിവിധ സാങ്കേതിക വിദ്യകൾ വിശദീകരിക്കുന്ന പോസ്റ്ററുകളും, മോഡലുകളും സജ്ജീകരിക്കുകയും ഇവ പ്രതിപാദിപ്പിക്കുന്ന ലഘുലേഖകൾ തയ്യാറാക്കി കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തു. ധാരാളം പുതിയ സാങ്കേതിക വിദ്യകളും പ്രാവർത്തികമായ കൃഷി രീതികളും മനസ്സിലാക്കാൻ ഈ സംഗമത്തിൽ പങ്കെടുക്കുക വഴി സാധിച്ചെന്ന് കർഷകർ അഭിപ്രായപ്പെട്ടു. ഈ സംഗമത്തെ അധികരിച്ച് തിരുവനന്തപുരം ദൂരദർശൻ തയ്യാറാക്കിയ പരിപാടി ഒക്ടോബർ 5 ന് വൈകിട്ട് 5.30നുള്ള കൃഷിദർശൻ പരിപാടിയിൽ സംപ്രേഷണം ചെയ്തു.



## വാർഷിക പ്രവർത്തനങ്ങൾക്ക് ആര്യാടിൽ തുടക്കമായി

കൃഷി വിജ്ഞാന കേന്ദ്രം 2015-16 സാമ്പത്തിക വർഷത്തിലെ പ്രവർത്തന പദ്ധതി പ്രകാരം സൻസദ് ആദർശ് ഗ്രാമമായ ആര്യാട് പഞ്ചായത്ത് കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം ബഹു: ആലപ്പുഴ എം.പി. ശ്രീ.കെ.സി.വേണുഗോപാൽ 03-07-2015ന് ആര്യാട് സാംസ്ക്കാരിക നിലയം അങ്കണത്തിൽ വെച്ച് നടന്ന ചടങ്ങിൽ നിർവഹിച്ചു. ആര്യാടിന്റെ കാർഷിക മേഖലയിലെ സമഗ്ര വികസനത്തിന് കെ.വി.കെ. യുടെ പ്രവർത്തനം ഒരു മുതൽകൂട്ടാകുമെന്ന് ഉദ്ഘാടകൻ പറഞ്ഞു. കൃഷിഭവൻ, ഗ്രാമപഞ്ചായത്ത്, വികസന പ്രവർത്തകർ, നബാർഡ് ഫാർമേഴ്സ് ക്ലബ്, കുടുംബശ്രീ, ഇതര ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച യോഗത്തിൽ ആര്യാട് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ: എം.രവീന്ദ്രദാസ് അദ്ധ്യക്ഷത വഹിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി.മുരളീധരൻ പദ്ധതി വിശദീകരകരണം നടത്തി. കായംകുളം തോട്ടവിള ഗവേഷണ കേന്ദ്രം മേധാവി ഡോ. വി.കൃഷ്ണകുമാർ മുഖ്യപ്രഭാഷണം നടത്തിയ ചടങ്ങിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. ഷീബ സാജു, ബ്ലോക്ക് പഞ്ചായത്തംഗം ശ്രീ. ടി.ജെ.ഫിലിപ്പ്, ഗ്രാമപഞ്ചായത്തംഗം ശ്രീ.



അശോക് കുമാർ, മൃഗ സംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. വി.ഗോപകുമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. വി.എ.ജയശ്രീ തുടങ്ങിയവർ കർഷകരെ അഭിസംബോധന ചെയ്തു. കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായി അത്യുത്പാദന ശേഷിയുള്ള 'പ്രതിഭ' എന്ന മഞ്ഞൾവിത്ത്, 'വരദ' ഇനം ഇഞ്ചിയുടെ തൈകൾ, ജൈവ മാലിന്യ സംസ്കരണത്തിനുതകുന്ന ഇ.എം. ലായനി, തെങ്ങിന്റെ കൊമ്പൻ ചെല്ലി നിയന്ത്രണത്തിനുതകുന്ന മെറ്റാറൈസിയം കുമിൾ, ഔഷധഗുണമുള്ള കരിങ്കോഴി തുടങ്ങിയവ പദ്ധതികളിൽ പങ്കാളികളായ കർഷകർക്ക് നൽകി. കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ വാർത്താപത്രികകളുടെ പ്രകാശനവും ശ്രീ. കെ.സി.വേണുഗോപാൽ നിർവ്വഹിച്ചു.



## ജൈവ കാർഷിക മേഖലയ്ക്ക് പ്രാമുഖ്യം നൽകണമെന്ന് ശാസ്ത്രോപദേശക സമിതിയോഗം

ജൈവ കൃഷി രീതികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി മണ്ണിന്റെ ആരോഗ്യസംരക്ഷണം, ജൈവകൃഷിക്ക് ആവശ്യമായ ഉത്പാദനോപാധികൾ ലഭ്യമാക്കൽ, ജൈവ ഉത്പന്നങ്ങളുടെ വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകണമെന്ന് 2015 ജൂലൈ 30ന് ചേർന്ന കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ 14-ാമത് ശാസ്ത്രോപദേശക സമിതി യോഗം അഭിപ്രായപ്പെട്ടു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം മേധാവി ഡോ. പി.ചൗഡപ്പയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ ബംഗളൂരു സോൺ ആസ്ഥാനത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി.വി. സായ്റാം, കേരള കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. പി.വി. ബാലചന്ദ്രൻ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി. കൃഷ്ണകുമാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ആർ. ഗീതാമണി, ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി. നീന റാഫേൽ, കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രതിനിധികൾ, കർഷക പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിൽവെച്ച് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ കഴിഞ്ഞ ലക്കം വാർത്താപത്രിക (വാല്യം 13 ലക്കം 02) പുറത്തിറക്കി.

കെ.വി.കെ മേധാവി ഡോ. പി.മുരളീധരൻ മുൻ ശാസ്ത്രോപദേശക സമിതിയുടെ ശുപാർശകളിലെടുത്ത നടപടികളും കഴിഞ്ഞ ഒരു വർഷത്തെ പ്രധാന പ്രവർത്തനങ്ങളുടെ റിപ്പോർട്ടും അവതരിപ്പിച്ചു. വിവിധ മേഖലകളിൽ കൃഷി വിജ്ഞാനകേന്ദ്രം കൈവരിച്ച നേട്ടങ്ങൾ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുകൾ അവതരിപ്പിച്ചു. കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും വിലയിരുത്തിയ അംഗങ്ങൾ അടുത്ത വർഷത്തേക്ക് കൂടുതൽ മുന്നേറാനുള്ള നിർദ്ദേശങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു.



## ഉത്പാദന മികവ് ലക്ഷ്യമിട്ട് കർഷക പങ്കാളിത്ത ഗവേഷണ പദ്ധതി

“മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വളപ്രയോഗവും തെങ്ങിൻ തോട്ടങ്ങളിൽ ലഭ്യമായ ജൈവ വസ്തുക്കളുടെ പുനചംക്രമണവും നടപ്പിലാക്കുന്നതിലൂടെ മണ്ണിന്റെ ആരോഗ്യപരിപാലനവും തെങ്ങിൽ നിന്ന് സുസ്ഥിരമായ വിളവും ഉറപ്പുവരുത്തുക” എന്ന ലക്ഷ്യത്തോടെ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ കായംകുളം പ്രാദേശിക കേന്ദ്രത്തിന്റെയും ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ധനസഹായത്തോടെ കൃഷിയിടങ്ങളിൽ നടപ്പിലാക്കുന്ന ഗവേഷണ - പ്രദർശന പദ്ധതി ആരംഭിച്ചു. കേരളത്തിലെ ആറ് കാർഷിക പാരിസ്ഥിതിക മേഖലകളിൽ നടപ്പിലാക്കുന്ന ഈ പദ്ധതി ഓണാട്ടുകര മണൽപ്രദേശത്തെ പ്രതിനിധീകരിക്കുന്ന ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലും ദക്ഷിണതീര സമതല പ്രദേശത്തെ പ്രതിനിധീകരിക്കുന്ന മയ്യനാട് ഗ്രാമ പഞ്ചായത്തിലും നടപ്പിലാക്കുന്നു. പങ്കാളിത്ത ഗവേഷണത്തിനായി



അഞ്ച് തോട്ടങ്ങളും, പ്രദർശനത്തിനായി 21 തോട്ടങ്ങളുമാണ് രണ്ട് പഞ്ചായത്തുകളിലുമായി മൂന്നു വർഷത്തേക്ക് വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ചെട്ടികുളങ്ങര പഞ്ചായത്തിലെ പദ്ധതി-പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 2015 ആഗസ്റ്റ് 6ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സി. ചന്ദ്രലേഖ നിർവ്വഹിച്ചു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി.കൃഷ്ണകുമാർ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രജ്ഞൻ ഡോ. സി.തമ്പാൻ, ചെട്ടികുളങ്ങര പഞ്ചായത്ത് അംഗങ്ങളായ ശ്രീ. ചെങ്കാലിൽ രാജൻ, ശ്രീമതി. ലീനാ റാണി, കൃഷി ഓഫീസർ ശ്രീമതി. ഹേമലത, നാളീകേര ഉത്പാദക സംഘത്തിന്റെ പ്രസിഡന്റ് ശ്രീ. എൻ. ശ്രീധരക്കുറുപ്പ്, കെ.വി.കെ മേധാവി ഡോ. പി.മുരളീധരൻ എന്നിവർ കർഷകരോട് സംസാരിച്ചു. തുടർന്ന് ബംഗ്ലൂരിലെ ദേശീയ മണ്ണ് പര്യവേഷണ ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. കെ. എം. നായർ തെങ്ങിന്റെ ശാസ്ത്രീയമായ പോഷക പരിപാലനം എന്ന വിഷയം അവതരിപ്പിച്ചു. 150 ഓളം നാളികേര കർഷകർ പങ്കെടുത്ത ചർച്ചയിൽ ഡോ. സി. തമ്പാൻ, ഡോ. പി. മുരളീധരൻ, കെ.വി.കെ. സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ. കെ. സജ്നനാഥ് എന്നിവർ പങ്കെടുത്തു.

മയ്യനാട് പഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 2015 ആഗസ്റ്റ് 7ന് വെൺപാലക്കര ശാരദ വിലാസിനി വായനശാലയിൽ വെച്ച് ബഹു: കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എസ്. ജയമോഹൻ നിർവ്വഹിച്ചു. ഡോ. വി. കൃഷ്ണകുമാർ, ഡോ. സി.തമ്പാൻ, മയ്യനാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ആർ. ഷീലാകുമാരി, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ജെ.ഷാനിദ, കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. വേണു, കൃഷി ഓഫീസർ ശ്രീമതി. ശ്രീവത്സ, നാളീകേര ഉത്പാദക സംഘത്തിന്റെ പ്രസിഡന്റ് ശ്രീ. ആനന്ദ ബാബു, കെ.വി.കെ മേധാവി ഡോ. പി.മുരളീധരൻ എന്നിവർ ഈ അവസരത്തിൽ കർഷകരോട് സംസാരിച്ചു. തുടർന്ന് ഡോ. കെ.എം. നായർ തെങ്ങിന്റെ ശാസ്ത്രീയമായ പോഷക പരിപാലനം എന്ന വിഷയം അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ഡോ. വി. കൃഷ്ണകുമാർ, ഡോ. പി. മുരളീധരൻ, കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീ. എം.എസ്.രാജീവ് എന്നിവർ പങ്കെടുത്തു. പഞ്ചായത്തിലെ 120 ഓളം നാളീകേര കർഷകർ ഈ പരിപാടിയിൽ പങ്കെടുത്തു.



## കോഴിവസന്തക്കെതിരെ വാക്സിനേഷൻ ക്യാമ്പ്

മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന 'കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി 'യുടെ ഭാഗമായി കോഴിവസന്തയ്ക്കെതിരെ വാക്സിനേഷൻ ക്യാമ്പ് 20-08-2015ന് സംഘടിപ്പിച്ചു.

ക്യാമ്പിന്റെ ഭാഗമായി കോഴിവസന്ത രോഗത്തിനെതിരെ പാലിക്കേണ്ട മുൻകരുതലുകൾ, വാക്സിനേഷന്റെ പ്രാധാന്യം, വാക്സിനേഷൻ രീതികൾ, അവ ചെയ്യേണ്ട വിധം എന്നിവയെപ്പറ്റി കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ. എസ്. രവി ബോധവത്കരണ ക്ലാസ് നൽകുകയും വാക്സിനേഷൻ ചെയ്യാൻ കർഷകരെ പരിശീലിപ്പിക്കുകയും ചെയ്തു.

കുത്തിവെയ്പ്പെടുക്കുന്നതിനൊപ്പം ഗുളികരൂപത്തിൽ നൽകാവുന്ന ഓറൽ പെല്ലറ്റ് വാക്സിൻ ക്യാമ്പിൽ പങ്കെടുത്ത കർഷകരുടെ 750-ഓളം കോഴികൾക്കായി വിതരണം ചെയ്തു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സംഘടിപ്പിച്ച ക്യാമ്പിൽ പങ്കെടുത്ത 40 കർഷകരിൽ വീട്ടമ്മമാരായ കർഷകരുടെ സാന്നിധ്യം ശ്രദ്ധേയമായി. കോഴി വളർത്തൽ മേഖലയിൽ കർഷകർക്ക് കൂടുതൽ ആത്മവിശ്വാസം നൽകുന്നതിന് ക്യാമ്പ് വളരെയധികം സഹായകരമായതായി കർഷകർ അഭിപ്രായപ്പെട്ടു.

### പ്രസിദ്ധീകരണങ്ങൾ

- ബിജില. പി.വി, മുരളീധരൻ. പി; രാജീവ്.എം.എസ്, 2015 കാന്താരി ആരോഗ്യത്തിനും ആദായത്തിനും. കർഷകൻ 23(9):57-59
- P. Muralidharan, Rajeev M.S., Reema Anand and Anjaly R. Nathan 2015. Drum seeding for enhanced profitability of paddy cultivation in Kuttanad region of Kerala, Journal of Tropical Agriculture 53(1):66-69.

### കെ.വി.കെ - ആത്മ സംയുക്ത പരിപാടികൾ

- ആത്മ സംഘടിപ്പിച്ച പ്രതിമാസ സാങ്കേതിക ഉപദേശക യോഗങ്ങളിൽ ഡോ. പി.മുരളീധരൻ, ലേഖ.ജി എന്നിവർ പങ്കെടുത്തു.
- നൂറനാട്, തഴക്കര, തലവടി എന്നീ പഞ്ചായത്തുകളിലെ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനുള്ള സാങ്കേതിക സംഘത്തിൽ ഡോ.പി.മുരളീധരൻ, ലേഖ.ജി എന്നിവർ ഉൾപ്പെട്ടിരുന്നു.
- ആലപ്പുഴ ബ്ലോക്കിലെ മണ്ണഞ്ചേരി പഞ്ചായത്തിൽ വെച്ച് 22-09-2015 ന് സംഘടിപ്പിച്ച ജൈവ പച്ചക്കറി കൃഷിയെന്ന വിഷയത്തിലെ കൃഷിയിട പാഠശാലയിൽ ഡോ. കെ.സജ്നനാഥ് ക്ലാസ്സെടുത്തു.

Printed & Published by : Dr. P. Chowdappa, Director, CPCRI, Kasaragod; Co-ordination & Editing : Dr. P. Muralidharan, Senior Scientist & Head; Design, Layout & Compilation: Dr. K. Sajnanath; Technical Inputs : Dr. S. Ravi, Rajeev M.S., Lekha G, & Jissy George; Technical Assistance : Arathy Balakrishnan, Ansary K.M, Bijila P.V & Aswathy L.P.; Photos: E.R. Ashokan & KVK Staff.